123 (1667) മലപ്പടം-മുനമ്പ്കടവ് പാലത്തിന്റെ പണിക്ക് പ്രത്യേകാനുമതി

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മലപ്പടം-മുനമ്പ്കടവ് പാലത്തിന്റെ പണിക്ക് പ്രത്യേകാനുമതി നൽകിയോ; നൽകിയെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പണി ഉടനെ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) മുനമ്പ്കടവ് പാലത്തിനുവേണ്ടി 1999-2000-ാമാണ്ടിലെ ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) പാലത്തിന്റെ പണി നബാർഡിന്റെ സഹായത്തോടെ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മലപ്പടം-മുനമ്പ്കടവ് പാലത്തിന്റെ പണിക്ക് 18.6.99-ലെ ജി.ഒ. (ആർ.ടി.) 574/99/പൊ.മ.വ. പ്രകാരം പ്രത്യേകാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു†

(ബി) സാങ്കേതികാനുമതി നൽകി ബഡ്ജറ്റിൽ മതിയായ തുക വകകൊള്ളിച്ചതിനുശേഷം പണി ടെണ്ടർ ചെയ്യാവുന്നതാണ്.

(സി) ഈ പാലത്തിന് 1999-2000 വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 444 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചുവരുന്നു.

(ഡി) പാലത്തിന്റെ പണിക്ക് സാമ്പത്തികസഹായം ലഭിക്കുവാൻവേണ്ടി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

124 (1668) സബ്രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി സബ്രജിസ്ട്രാർ ഓഫീസിന് സ്വന്തമായുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) എന്നത്തേക്ക് ഓഫീസ് കെട്ടിടം പണി ആരംഭിക്കാൻ കഴിയും എന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) 1999-2000 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ സുൽത്താൻബത്തേരി സബ് രജിസ്ട്രാർ ആഫീസിന്റെ നിർമ്മാണത്തിനുവേണ്ടി 100 രൂപ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly